# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.02.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ഗുജറാത്ത് സന്ദർശനത്തിന് തുടക്കം. ഏകതാ പ്രതിമയിൽ രാഷ്ട്രപതി പുഷ്പാർച്ചന നടത്തി.

   **President Droupadi Murmu who is on a four-day visit to Gujarat, visited the iconic statue of unity and offered floral tributes to the Iron Man Sardar Patel today.**

2. മഹാകുംഭമേള ഐക്യത്തിന്റെ മഹായജ്ഞമാണെന്നും, ഇന്ത്യൻ സംസ്കാരത്തെ ഇത് സമ്പന്നമാക്കുന്നതായും പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Hailing the Mahakumbh as a Mahayagya of Unity, Prime Minister Narendra Modi today remarked that India is proud of its heritage and treading forward with a new energy.**

3. ആഗോള വെല്ലുവിളികളെ അതിജീവിച്ച് ഇന്ത്യ വളർച്ചയുടെ പാതയിൽ മുന്നേറുകയാണെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ.

   **Finance Minister Nirmala Sitharaman has said that against all the challenges globally, India is moving ahead with growth.**

4. മനുഷ്യ - വന്യജീവി സംഘർഷം ലഘൂകരിക്കാനുള്ള നടപടികൾ വിലയിരുത്തുന്നതിന് മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ഇന്ന് ഉന്നതതല യോഗം ചേരും.

   **Kerala CM Pinarayi Vijayan will convene a high-level meeting today to review the measures to mitigate human-wildlife conflict.**

5. രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനലിൽ കേരളം വിദർഭയെ നേരിടുന്നു.

**Kerala-Vidarbha final match in progress in Ranji Trophy Cricket.**

$$$$$$$$$$$$$$$$$$$$$$

## HEADLINE-1

**PRESIDENT-GUJARAT**

രാഷ്ട്രപതി ദ്രൗപതി മുർമുവിൻ്റെ നാല് ദിവസത്തെ ഗുജറാത്ത് സന്ദർശനത്തിന് തുടക്കമായി. ഏകതാ പ്രതിമ സന്ദർശിച്ച രാഷ്ട്രപതി, സർദാർ വല്ലഭ് ഭായ് പട്ടേൽ പ്രതിമയിൽ പുഷ്പങ്ങൾ അർപ്പിച്ചു. ഏകതാ നഗറിലെ കാനന സവാരിക്ക് ശേഷം കെവദിയയിലെ നൈപുണ്യ വികസന കേന്ദ്രവും രാഷ്ട്രപതി സന്ദർശിച്ചു. അഹമ്മദാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിൻ്റെ 44-ാമത് ബിരുദദാന ചടങ്ങിൽ ശ്രീമതി മുർമു ഇന്ന് പങ്കെടുക്കും. 430 ഓളം വിദ്യാർത്ഥികൾ രാഷ്ട്രപതിയിൽ നിന്നും ബിരുദം സ്വീകരിക്കും. ഗാന്ധിനഗറിലെ നാഷണൽ ഫോറൻസിക് സയൻസ് യൂണിവേഴ്സിറ്റിയുടെ മൂന്നാമത് ബിരുദദാന ചടങ്ങിലും രാഷ്ട്രപതി നാളെ പങ്കെടുക്കും. തുടർന്ന് ഭുജിലെ സ്മൃതിവൻ ഭൂകമ്പ സ്മാരകവും ശ്രീമതി മുർമു സന്ദർശിക്കും.

$$$$$$$$$$$$$$$$$$$$$$

## HEADLINE-2

**PM-MAHAKUMBH**

മഹാകുംഭമേള ഐക്യത്തിൻ്റെ മഹായജ്ഞമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യ, സ്വന്തം പൈതൃകത്തിൽ അഭിമാനിക്കുന്നതായും, പുതിയ ഊർജത്തോടെ മുന്നേറുകയാണെന്നും അദ്ദേഹം ബ്ലോഗിൽ കുറിച്ചു. മഹാകുംഭമേളയിലെ ജന പങ്കാളിത്തം , ഇന്ത്യൻ സംസ്കാരത്തെ സമ്പന്നമായി നിലനിർത്തുന്നതിന് അടിത്തറ പാകുന്നതായും പ്രധാനമന്ത്രി പറഞ്ഞു. മഹാ കുംഭ മേളയ്ക്ക് ഇന്നലെയാണ് പ്രയാഗ്‌രാജിൽ സമാപനമായത്. 45 ദിവസത്തിനിടെ 66 കോടി 21 ലക്ഷത്തിലേറെ തീർത്ഥാടകർ ഇതിൽ പങ്കെടുത്തു.

$$$$$$$$$$$$$$$$$$$$$$

**VAISHNAW – PRAYAGRAJ JUNCTION intro**

***മഹാകുംഭമേളയ്ക്കായി ഇത്തവണ 16,000-ത്തോളം ട്രെയിനുകൾ സർവീസ് നടത്തിയതായി കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. 4 കോടി 50 ലക്ഷം തീർത്ഥാടകരാണ് റെയിൽവേയുടെ സേവനം പ്രയോജനപ്പെടുത്തിയത്. 5,000 കോടി രൂപ നിക്ഷേപത്തിൽ രണ്ടര വർഷം നീണ്ട മുന്നൊരുക്കങ്ങൾ റെയിൽവേ നടത്തിയതായും അദ്ദേഹം പ്രയാഗ് രാജിൽ മാധ്യമങ്ങളോട് പറഞ്ഞു. 21-ലധികം മേൽപ്പാലങ്ങളും അണ്ടർപാസുകളും മഹാകുംഭമേളയ്ക്കായി നിർമ്മിച്ചതായും ശ്രീ അശ്വിനി വൈഷ്ണവ് വ്യക്തമാക്കി.***

(ഹോൾഡ്-വോയിസ്)

$$$$$$$$$$$$$$$$$$$$$$

**HEADLINE-3**

**FM-CONCLAVE**

ആഗോള വെല്ലുവിളികളെ അതിജീവിച്ച് ഇന്ത്യ വളർച്ചയുടെ പാതയിൽ മുന്നേറുകയാണെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ. വ്യാപാരവും, സാങ്കേതിക വിദ്യയുമാണ് പുതിയ ലോക ക്രമത്തെ നിർണയിക്കുന്നതെന്നും, ഇതിൽ ഇന്ത്യയും പങ്കാളിയാകണമെന്നും ധനമന്ത്രി ചൂണ്ടിക്കാട്ടി. ആഗോള ക്രമം വികസിത രാഷ്ട്രങ്ങളാൽ നിർണയിക്കപ്പെടരുതെന്നും ന്യൂഡൽഹിയിൽ മാധ്യമ സമ്മേളനത്തെ അഭിസംബോധന ചെയ്യുകൊണ്ട് ശ്രീമതി സീതാരാമൻ പറഞ്ഞു. ആഗോള വിതരണ ശൃംഖല നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും ധനമന്ത്രി അഭിപ്രായങ്ങൾ പങ്കുവച്ചു.

$$$$$$$$$$$$$$$$$$$$$$

**BHOPAL**

ഭോപാൽ ദുരന്ത മേഖലയിൽ നിന്നും വിഷമാലിന്യങ്ങൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട മധ്യപ്രദേശ് ഹൈക്കോടതി ഉത്തരവിൽ ഇടപെടാൻ വിസമ്മതിച്ച് സുപ്രീം കോടതി. വിദഗ്ധ അഭിപ്രായം പരിഗണിച്ചാണ്

ഹൈക്കോടതി തീരുമാനം കൈക്കൊണ്ടതെന്നും കോടതി നിരീക്ഷിച്ചു. 377 ടൺ വിഷമാലിന്യമാണ് യൂണിയൻ കാർബൈഡ് ഫാക്ടറിയിൽ നിന്നും പിതാംബുർ വ്യവസായ മേഖലയിലേക്ക് കോടതി നിർദ്ദേശ പ്രകാരം മാറ്റിയത്.

$$$$$$$$$$$$$$$$$$$$$$

**HEADLINE-4**

**CM-MEETING**

മനുഷ്യ - വന്യജീവി സംഘർഷം ലഘൂകരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിലയിരുത്തുന്നതിന് മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച ഉന്നതതല യോഗം ഇന്ന് ചേരും. സെക്രട്ടേറിയേറ്റിൽ നടക്കുന്ന യോഗത്തിൽ വനം, ധനകാര്യം, തദ്ദേശ സ്വയംഭരണം, തുടങ്ങി വിവിധ വകുപ്പ് മന്ത്രിമാർ പങ്കെടുക്കും. ചീഫ് സെക്രട്ടറി, സംസ്ഥാന പോലീസ് മേധാവി, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി എന്നിവരും യോഗത്തിൽ സന്നിഹിതരാകും. സംസ്ഥാനത്ത് അടുത്തിടെ വർദ്ധിച്ചു വരുന്ന വന്യജീവി അക്രമങ്ങളുടെ പശ്ചാതലത്തിലാണ് യോഗം.

$$$$$$$$$$$$$$$$$$$$$$

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

$$$$$$$$$$$$$$$$$$$$$$

**VENJARAMOODU TRAGEDY**

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന വെഞ്ഞാറമൂട് കൂട്ടക്കൊലപാതക ക്കേസ് പ്രതി അഫാൻറെ അറസ്റ്റ് പോലീസ് രേഖപ്പെടുത്തി. അഫാൻറെ ആരോഗ്യനില തൃപ്തികരമാണെന്ന് മെഡിക്കൽ കോളേജിലെ ഡോക്ടർമാർ അറിയിച്ചതിനെ തുടർന്നാണ് നടപടികൾ ആരംഭിച്ചത്. വെഞ്ഞാറമൂട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന അഫാൻറെ മാതാവ് ഷെമിയുടെ മൊഴിയും പൊലീസ് ഇന്ന് രേഖപ്പെടുത്തിയേക്കും.

$$$$$$$$$$$$$$$$$$$$$$

## COASTAL HARTHAL

മത്സ്യത്തൊഴിലാളി സംഘടനകൾ ആഹ്വാനം ചെയ്ത തീരദേശ ഹർത്താൽ സംസ്ഥാനത്ത് ആരംഭിച്ചു. മത്സ്യത്തൊഴിലാളികൾ കടലിൽ പോകാതെയാണ് പ്രതിഷേധത്തിൽ പങ്കുചേരുന്നത്. മത്സ്യബന്ധന തുറമുഖങ്ങളുടെയും, വിപണന കേന്ദ്രങ്ങളുടെയും പ്രവർത്തനത്തെ ഹർത്താൽ ബാധിച്ചിട്ടുണ്ട്. ഇന്ന് അർദ്ധരാത്രി വരെ നീളുന്ന ഹർത്താലിൻറെ ഭാഗമായി സംസ്ഥാനത്ത് പ്രതിഷേധ പ്രകടനങ്ങളും പൊതുസമ്മേളനങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$

## INDIA SLAMS PAK- UNHRCN(INTRO)

***ഐക്യരാഷ്ട്ര മനുഷ്യാവകാശ സമിതിയിൽ പാക്കിസ്ഥാനെതിരെ രൂക്ഷ വിമർശനവുമായി ഇന്ത്യ . അന്താരാഷ്ട്ര സഹായത്തെ ആശ്രയിച്ച് കഴിയുന്ന പരാജയപ്പെട്ട രാജ്യമാണ് പാകിസ്ഥാനെന്നും, തെറ്റായ വിവിധ കാര്യങ്ങൾ പാക് നേതാക്കൾ പ്രചരിപ്പിക്കുന്നതായും, യുഎന്നിലെ ഇന്ത്യൻ സ്ഥിരാംഗം ക്ഷിതിജ് ത്യാഗി വിമർശിച്ചു. ലഡാക്കിനൊപ്പം ജമ്മു കശ്മീരും എക്കാലവും ഇന്ത്യയുടെ അവിഭാജ്യ ഘടകമായി തുടരുമെന്നും UNHRC യുടെ 58-ാമത് സമ്മേളനത്തിൽ ഇന്ത്യ വ്യക്തമാക്കി.***

***(VOICE)***

$$$$$$$$$$$$$$$$$$$$$$

## GOVT - SPORTS COMMITTEE

ദേശീയ സ്പോർട്സ് ഫെഡറേഷനുകൾക്ക് ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് കേന്ദ്ര സർക്കാർ ആറംഗ സമിതിക്ക് രൂപം നൽകി. കായിക വികസന ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സമിതി 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കുമെന്ന് യുവജനകാര്യ- കായിക മന്ത്രാലയം അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$

## TELANGANA RESCUE

തെലങ്കാനയിലെ SLBC തുരങ്കത്തിൽ കുടുങ്ങിയ 8 പേരെ പുറത്തെത്തിക്കാനുള്ള രക്ഷാദൗത്യം പുരോഗമിക്കുന്നു. കൃത്യമായ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ നടക്കുന്ന രക്ഷാ പ്രവർത്തനം അതിവേഗത്തിലാക്കാനാണ് ശ്രമിക്കുന്നതെന്ന് തെലങ്കാന ജലസേചന മന്ത്രി ഉത്തം കുമാർ റെഡ്ഡി അറിയിച്ചു. ഇതിനായി വിദ്ഗദ്ധരുടെ സേവനം ഉൾപ്പെടെ പ്രയോജനപ്പെടുത്തുന്നുണ്ട്. കഴിഞ്ഞ ശനിയാഴ്ചയാണ് തുരങ്കത്തിന്റെ മേൽത്തട്ട് തകർന്ന് 8 പേർ കുടുങ്ങിയത്.

$$$$$$$$$$$$$$$$$$$$$$

**FISHERMEN RELEASED**

ശ്രീലങ്കൻ ജയിലിൽ നിന്ന് മോചിതരായ 27 മത്സ്യത്തൊഴിലാളികൾ ഇന്ന് ചെന്നൈയിൽ മടങ്ങിയെത്തി. സമുദ്രാതിർത്തി ലംഘിച്ചതിന് കഴിഞ്ഞ ഡിസംബർ , ജനുവരി മാസങ്ങളിലായാണ് ഇവരെ ശ്രീലങ്കൻ നാവികസേന അറസ്റ്റ് ചെയ്തത്. മത്സ്യത്തൊഴിലാളികളെ വീടുകളിലേക്ക് അയക്കാനുള്ള ക്രമീകരണങ്ങൾ തമിഴ്നാട് സർക്കാർ ഒരുക്കിയിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$

**ASSAM EARTHQUAKE**

അസമിലെ മോറിഗാവ് ജില്ലയിൽ ഭൂചലനം. റിക്ടർ സ്കെയിലിൽ അഞ്ച് തീവ്രത രേഖപ്പെടുത്തിയ ഭൂചലനമാണ് ഇന്ന് പുലർച്ചെ ഉണ്ടായത്. ഗുവാഹത്തിയിലും സംസ്ഥാനത്തിൻ്റെ വിവിധ ഭാഗങ്ങളിലും പ്രകമ്പനം അനുഭവപ്പെട്ടു . ഭൂചലനത്തിൽ ആളപായമോ നാശനഷ്ടമോ റിപ്പോർട്ട് ചെയ്തിട്ടില്ല.

$$$$$$$$$$$$$$$$$$$$$$

**HEADLINE-5**

**RENJI TROPHY**

രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനലിൽ കേരളം വിദർഭയെ നേരിടുന്നു. ഒന്നാം ഇന്നിങ്സിൻ്റെ രണ്ടാം ദിനത്തിൽ വിദർഭ 9 വിക്കറ്റ് നഷ്ടത്തിൽ 373 റൺസ് എന്ന നിലയിലാണ്. ടോസ് നേടിയ കേരളം വിദർഭയെ ബാറ്റിങ്ങിന്

അയക്കുകയായിരുന്നു. നാഗ്പൂരിൽ നടക്കുന്ന മത്സരത്തിൽ, കന്നി രഞ്ജി ട്രോഫി കിരീടം ലക്ഷ്യമിട്ടാണ് കേരളം കളത്തിലിറങ്ങിയത്.

$$$$$$$$$$$$$$$$$$$$$$

**ICC CHAMPIONS TROPHY**

ഐസിസി ചാമ്പ്യൻസ് ട്രോഫി പുരുഷ ക്രിക്കറ്റിൽ

ഇന്ന് നടക്കുന്ന അവസാന ഗ്രൂപ്പ് മത്സരത്തിൽ പാകിസ്ഥാൻ ബംഗ്ലാദേശിനെ നേരിടും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2:30 നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ അഫ്ഗാനിസ്ഥാനോട് പരാജയപ്പെട്ടതോടെ ഇംഗ്ലണ്ട് ടൂർണമെൻറിൽ നിന്ന് പുറത്തായി.

$$$$$$$$$$$$$$$$$$$$$$

**SENSEX + GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ സമ്മിശ്ര നിലയിൽ വ്യാപാരം പുരോഗമിക്കുന്നു. സെൻസെക്സ് 16 പോയിൻറ് നേട്ടത്തിൽ 74,619- ലും നിഫ്റ്റി 1 6 പോയിൻറ് നഷ്ടത്തിലും വ്യാപാരം തുടരുകയാണ്. സ്വർണവില കുറഞ്ഞു. ഗ്രാമിന് 40 രൂപ കുറഞ്ഞ് 8,010 രൂപയും പവന് 320 രൂപ കുറഞ്ഞ് 64,080 രൂപയുമായി.

$$$$$$$$$$$$$$$$$$$$$$

**MP-AMIT SHAH VISIT**

മധ്യപ്രദേശിലെ ചിത്രകൂടിൽ നടക്കുന്ന ഭാരതരത്ന നാനാജി ദേശ്മുഖ് 15-ാാം ചരമവാർഷിക ദിനാചരണ ചടങ്ങിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് പങ്കെടുക്കും. മധ്യപ്രദേശ് മുഖ്യമന്ത്രി മോഹൻ യാദവ് ഉൾപ്പെടെയുള്ള പ്രമുഖരും ചടങ്ങിൽ പങ്കെടുക്കുന്നുണ്ട്.

$$$$$$$$$$$$$$$$$$$$$$

**EUROPE**

യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്ൻ രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും. വിദേശകാര്യ മന്ത്രി എസ് ജയശങ്കറുമായി ഉർസുല വോൺ ഡെർ ലെയ്ൻ കൂടിക്കാഴ്ച നടത്തും. പ്രധാനമന്ത്രി നരേന്ദ്രമോദി യുമായുള്ള പ്രതിനിധിതല ചർച്ച നാളെയാണ്. യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റിന്റെ ഇന്ത്യ സന്ദർശനം ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് വഴിയൊരുക്കും.

$$$$$$$$$$$$$$$$$$$$$$

**JAISHANKAR**

ആഫ്രിക്കൻ രാജ്യങ്ങളുടെ പ്രതിരോധ ശേഷി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന് ഇന്ത്യ- ജപ്പാൻ സഹകരണം ആവശ്യമാണെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ് ശങ്കർ. ഇന്ത്യ - ആഫ്രിക്ക ഉഭയകക്ഷി വ്യാപാരം ഏകദേശം 100 ബില്യൺ ഡോളറിലെത്തിയതായും അദ്ദേഹം പറഞ്ഞു. ജപ്പാൻ-ഇന്ത്യ-ആഫ്രിക്ക ബിസിനസ് ഫോറത്തിൽ വെർച്വലായി സംസാരിക്കുകയായിരുന്നു അദ്ദേഹം.

$$$$$$$$$$$$$$$$$$$$$$

**CBI**

ഗെയിൻ ബിറ്റ്കോയിൻ അഴിമതിയുമായി ബന്ധപ്പെട്ട അന്വേഷണത്തിനിടെ 24 കോടിയോളം രൂപയുടെ ക്രിപ്റ്റോ കറൻസികൾ സിബിഐ പിടിച്ചെടുത്തു. ഇതുമായി ബന്ധപ്പെട്ട് 60-ലധികം സ്ഥലങ്ങളിൽ സിബിഐ തിരച്ചിൽ നടത്തി. തിരച്ചിലിൽ ഹാർഡ്‌വെയർ ക്രിപ്റ്റോ വാലറ്റുകൾ ഉൾപ്പെടെ ഒട്ടേറെ രേഖകൾ പിടിച്ചെടുത്തു.

$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$

$$$$$$$